ഹയർ സെക്കൻഡറി ഡയറക്ടറുടെ
കാര്യാലയം, ഹൗസിംഗ് ബോർഡ്
ബിൽഡിംഗ്, ശാന്തി നഗർ,
തിരുവനന്തപുരം.

**No.Acd/Spc(2)/60124/2016/HSE(12)** തീയതി : 30/01/2017

# <u>സർക്കുലർ</u>

**വിഷയം:-** ഹ.സെ.വി.- 2016-17 അധ്യയന വർഷത്തെ നിരന്തര മൂല്യനിർണ്ണയം - **ഫീൽഡ് ലെവൽ ടീം ടീച്ചിംങ- പ്രിൻസിപ്പൽമാർക്കുള്ള നിർദ്ദേശങ്ങൾ** - ക്ലസ്റ്റർതല ശില്പ ശാലയിൽ **ഹാജരാകാത്തവരുടെ വിവരങ്ങൾ ഇ-മെയിൽ അയയ്ക്കുന്നത്** - സംബന്ധിച്ച്.

1. 25-ന് ക്ലസ്റ്റർതല ശില്പശാലയിൽ പങ്കെടുക്കാത്ത എല്ലാ അദ്ധ്യാപകരുടേയും വിവരങ്ങൾ എല്ലാ പ്രിൻസിപ്പൽമാരും ഇതോടൊപ്പം കൊടുത്തിരിക്കുന്ന EXCEL Format-ൽ ഫെബ്രുവരി 1-ാം തീയതി 5 മണിയ്ക്ക്കം അപ്‌ലോഡ് ചെയ്യണം (കാഷ്വൽ ലീവ് എടുത്തവരുടെ വിവര ങ്ങൾ ഉൾപ്പെടെ). ക്ലസ്റ്റർതല ശില്പശാലയിൽ പങ്കെടുക്കാത്തവർ ഏതു ക്ലസ്റ്ററിൽ ആണ് (സ്ഥലത്തിന്റെ പേരും സെന്ററിന്റെ അഡ്രസ്സും) പങ്കെടുക്കേണ്ടിയിരുന്നത് എന്ന് പ്രത്യേകം വ്യക്തമാക്കണം.
2. 2016-17 വർഷത്തെ നിരന്തര മൂല്യനിർണ്ണയ മോണിറ്ററിംങ് 2017 ജനുവരി 30 മുതൽ 2017 ഫെബ്രുവരി 10 വരെ നടത്തേണ്ടതാണ്.
3. ഒരു വിഷയത്തിന് ഒരു സ്കൂളിൽ ഒരു ബാച്ചിൽ മാത്രമേ ടീം ടീച്ചിംങ് വഴിയുള്ള മോണിറ്ററിംങ് ഈ വർഷം നടത്തേണ്ടതുള്ളൂ.
4. ഒന്നാം വർഷ ക്ലാസ്സുകളിൽ മാത്രം ടീം ടീച്ചിംഗ് നടത്തിയാൽ മതിയാകും.
5. മോണിറ്ററിംങ് ടീം സന്ദർശിക്കുന്ന ഓരോ സ്കൂളിന്റെ വിവരവും മോണിറ്ററിംങ് ഫോർമാറ്റിൽ രേഖപ്പെടുത്തേണ്ടതും ഡ്യൂട്ടി സർട്ടിഫിക്കേറ്റിനോടൊപ്പം ആർ.ഡി.ഡി ഓഫീസിൽ നൽകേണ്ടതുമാണ്.
6. മോണിറ്ററിംങ് ടീമുകൾ നിർബന്ധമായും ഒരു സ്കൂളെങ്കിലും സന്ദർശിച്ച് ടീച്ചർ പ്ലാനർ വെച്ച് പാഠവിനിമയം നടത്തേണ്ടതും നിരന്തര മൂല്യനിർണ്ണയത്തിന്റെ ഭാഗമായുള്ള പഠന പ്രക്രിയ വിലയിരുത്തൽ, പോർട്ട്ഫോളിയോ വിലയിരുത്തൽ എന്നിവ നിർബന്ധമായും ചെയ്യേണ്ടതുമാണ്. യൂണിറ്റ് തല വിലയിരുത്തൽ ഇപ്പോൾ നിർബന്ധമില്ല, കാരണം ഒന്നോ രണ്ടോ പീരിയഡുകൾ കൊണ്ട് ചിലപ്പോൾ അത് സാധിക്കണമെന്നില്ല.
7. തങ്ങളുടെ സ്കൂളിൽ CE മോണിറ്ററിംങ് ടീം സന്ദർശിക്കുമ്പോൾ മുൻകൂട്ടി തയ്യാറാക്കിയ ടീച്ചർ പ്ലാനർ ഉപയോഗിച്ച് ഒന്നോ/രണ്ടോ പീരിയഡുകൾ ടിം ടീച്ചിംങിൽ ഏർപ്പെടുന്നതിനുള്ള സൗകര്യം പ്രിൻസിപ്പൽ ഉറപ്പാക്കേണ്ടതാണ്.
8. മോണിറ്ററിംങ് ടീമിന് 2 ഡ്യൂട്ടി സർട്ടിഫിക്കറ്റുകൾ പ്രിൻസിപ്പാൾ നൽകണം.ഒരെണ്ണം സ്വന്തം സ്കൂളിൽ നൽകുന്നതിനും ഒരെണ്ണം ആർ.ഡി.ഡി യിൽ നിന്നും പ്രതിഫലം കൈപ്പറ്റുന്നതിനുമാണ്.
9. അനുബന്ധം 6 ഒരു സ്വയം വിലയിരുത്തൽ രേഖയാണ്. മോണിറ്ററിംങ് ടീം അംഗങ്ങൾ സ്കൂളിൽ ടീം ടീച്ചിംങിൽ ഏർപ്പെടുന്നവേളയിൽ അവരെ മറ്റാരും തന്നെ വിലയിരു

ത്തുവാൻ പാടുള്ളതല്ല. **എല്ലാ അനുബന്ധങ്ങളും DHSE പോർട്ടലിൽ ലഭ്യമാണ്.** പ്രസ്തുത അനുബന്ധങ്ങൾ തന്നെ ടീമുകൾ ഉപയോഗിക്കേണ്ടതാണ്.

10. മോണിറ്ററിംങ് ടീം സ്കൂൾ സന്ദർശിക്കുമ്പോൾ പകുതി ദിവസം അവർ അവിടെ ചിലവഴിക്കുന്നുണ്ടെന്നും ടീച്ചർ പ്ലാനർ ഉപയോഗിച്ച് ക്ലാസ്സ് റൂം വിനിമയം നടത്തിയിട്ടുണ്ടെന്നും സന്ദർശക സ്കൂൾ പ്രിൻസിപ്പാൾ ഉറപ്പാക്കേണ്ടതാണ്.
11. ഇ-മെയിലിന്റെ സബ്ജക്ട് ലൈനിൽ സ്കൂൾ കോഡ്, പേര് എന്നിവ ഉണ്ടായിരിക്കേണ്ടതാണ്.

## FORM TO BE PREPARED & SEND BY ALL PRINCIPALS

**(should be send to hsstclusterab@gmail.com in Excel Format)**

| SL.NO. | NAME OF THE TEACHER | SCHOOL CODE | SUBJECT | NAME & PLACE OF CLUSTER CENTRE OF THE ABSENTEES |
|---|---|---|---|---|
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |

NAME OF PRINCIPAL :

ADDRESS :

PHONE NO.

**Last Date for Submission: 01/02/2017 5 P.M.**

ഒപ്പ്

**ജോയിന്റ് ഡയറക്ടർ**
**(അക്കാഡമിക്)**